

## ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിൽ CMI
# നന്മ നിറഞ്ഞവൻ ഡൺസ്റ്റനച്ചൻ

ഫാ. ആന്റണി വാഴപ്പിള്ളി CMI




ആർഷഭാരത സംസ്കാരത്തിന്റെ അടിത്തറ സർവ്വസംഘപരിത്യാഗിയായ സന്യാസവര്യരായിരുന്നു. ഭാരതത്തിന്റെ ആദ്ധ്യാത്മികതയ്ക്കു സന്യാസിയുടെ പങ്ക് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാരത സംസ്കാരത്തിൽ ഒരു വ്യക്തി തന്റെ സന്യാസജീവിതം തിരഞ്ഞെടുക്കേണ്ടത് ഉപനയനത്തിലൂടെയാണ്. ഏകദേശം 10 വയസ്സ് പ്രായമുള്ളപ്പോൾ ഈ തെരഞ്ഞെടുപ്പ് നടത്തുന്നു. ഇതുവഴി തന്നെ വളർത്തിയ മാതാപിതാക്കളേയും ബന്ധുമിത്രാദികളേയും വീടിനേയും തനിക്ക് സ്വന്തമായ എല്ലാം ഉപേക്ഷിച്ച് ഈശ്വരനിൽ ദൃഷ്ടിയുറപ്പിച്ച് ഗുരുവിനെ അനുഗമിക്കുന്നവനാണ് സന്യാസി. ചുരുക്കത്തിൽ തിരിച്ച് വീട്ടിലേയ്ക്ക് വരാൻ പാടില്ല. ഒരിക്കൽ ഉപേക്ഷിച്ചാൽ ജീവിതകാലം മുഴുവൻ ഉപേക്ഷിക്കണം. വീട്ടുകാരും പടിയടച്ചു പിണ്ഡം വെയ്ക്കുന്ന കർമ്മമുണ്ട്. ഒരിക്കലും തിരിച്ചുവരാതിരിക്കുന്നതിനെ സൂചിപ്പിക്കാനാണിത്.

ഡൺസ്റ്റനച്ചൻ തന്റെ വീട്ടിൽ നിന്ന് ദൈവവിളി സ്വീകരിച്ച് യാത്ര തിരിച്ചപ്പോൾ ഈ സത്യം ഉൾക്കൊണ്ടവനായിരുന്നു. എന്റെ വീടിനെ സംബന്ധിച്ചിടത്തോളം ഞാൻ അന്ന് മനസ്സാ മരിച്ചു കഴിഞ്ഞിരുന്നു എന്ന് അദ്ദേഹം പ്രതിപാദിക്കുന്നത് നമുക്കു കാണുവാനാകും.

തൺെ ഭവനത്തിൽ നിന്നുതന്നെ ദൈവികഭക്തിയും അനുസരണവും അഭ്യസിച്ചു. ആദ്ധ്യാത്മിക എന്ന തീയിൽ കുരുത്ത ഡൺസ്റ്റനച്ചൻ വെയിലേറ്റ് വാടിയില്ല, പ്രശ്നങ്ങളും, സഹനങ്ങളും അസുഖങ്ങളും ഒന്നിന് പുറകെ ഒന്നായി വന്നപ്പോഴും യേശുവിൽ ദൃഷ്ടി ഉറപ്പിച്ച് ഡൺസ്റ്റനച്ചൻ മുന്നേറി. തന്റെ ചുറ്റുമുള്ളവർക്ക് നന്മയുടെ പ്രകാശം പരത്തി. അധികാരത്തിനോ സ്ഥാനമാനങ്ങൾക്കോ

അദ്ദേഹം ആഗ്രഹിച്ചില്ല.

ഭാവി തലമുറയെ വാർത്തെടുക്കുന്നതിൽ അദ്ദേഹം ദത്ത ശ്രദ്ധനായിരുന്നു. നല്ല സന്യാസികളെ വാർത്തടുക്കണമെന്ന നിർബന്ധം ഉണ്ടായിരുന്നതുകൊണ്ട് ഓരോ വ്യക്തിയേയും വ്യക്തിപരമായി മനസ്സിലാക്കുകയും സ്നേഹിക്കുകയും തിരുത്തലുകൾ കൊടുക്കുകയും ചെയ്യുമായിരുന്നു. എന്റെ + 2 പഠനകാലത്തും നൊവിഷ്യറ്റിലും ഡൺസ്റ്റനച്ചൻ ആയിരുന്നു ഞങ്ങളുടെ ആദ്ധ്യാത്മിക പിതാവ്, അദ്ദേഹത്തിന്റെ അരികിലേയ്ക്ക് ചെന്ന് മനസ്സ് തുറന്നു പറയാനും അദ്ദേഹം തരുന്ന നിർദ്ദേശങ്ങൾ എഴുതിയെടുക്കുവാനും പാലിക്കുവാനും വീഴ്ചകൾ പറ്റുമ്പോൾ അത് ഏറ്റുപറയുവാനും ഞാൻ ശ്രദ്ധിച്ചിരുന്നു. +2 പഠനം കഴിഞ്ഞ് നൊവിഷ്യറ്റിലേയ്ക്കുള്ള തയ്യാറെടുപ്പിന്റെ കാലത്ത് ഒരിക്കൽ ഡൺസ്റ്റനച്ചൻ എന്നോട് ചോദിച്ചു നൊവിഷ്യറ്റിലേയ്ക്ക് പോകാനുള്ള പുണ്യം ഉണ്ടോ? ഈ ചോദ്യം എന്നെ വല്ലാതെ ചിന്തിപ്പിച്ചു. + 2 ജയിച്ചാൽ മാത്രം പോരാ പുണ്യവും വേണമെന്ന് എനിക്ക് ഡൺസ്റ്റനച്ചനിൽ നിന്ന് ലഭിച്ച പുതിയ അറിവായിരുന്നു.

ദിവ്യകാരുണ്യ ഭക്തനായിരുന്നു ഡൺസ്റ്റനച്ചൻ. ഏറെ നേരം ദിവ്യകാരുണ്യനാഥനോട് സല്ലപിക്കുകയും ശാന്തമായി സ്നേഹനാഥന്റെ വചസ്സുകൾ കേൾക്കുകയും ചെയ്തത് വഴി വിശുദ്ധ ജീവിതം നയിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

കുമ്പസാരക്കൂട്ടിൽ കരുണയുള്ള അപ്പച്ചനായി ഇരിപ്പിലും നടപ്പിലും സംസാരത്തിലും സാന്നിധ്യം കൊണ്ടും ദൈവീക ചൈതന്യം നിറഞ്ഞവനായി കാണപ്പെട്ടു. വി. ചാവറയച്ചനെ കവർ ദൈവിക മനുഷ്യൻ എന്ന് പറഞ്ഞതുപോലെ ഡൺസ്റ്റനച്ചനെ കവർ വിശുദ്ധനായ അച്ചൻ എന്ന് പറഞ്ഞ് അച്ചനിലെ വിശുദ്ധി തിരിച്ചറിഞ്ഞു.

ഡൺസ്റ്റനച്ചന്റെ നാട്ടുകാരനായ എനിക്ക് അദ്ദേഹത്തോടുള്ള സ്നേഹം നിസ്സീമമാണ്. കുർബ്ബാനയ്ക്ക് കൂടുന്ന കാലങ്ങളിൽ ഡൺസ്റ്റനച്ചൻ വലിയ പെരുന്നാളിന് ഇടവകപ്പള്ളിയിൽ കുർബ്ബാന ചൊല്ലുവാനായി വരുമ്പോൾ അച്ചനിലെ ശാന്തതയും ഭക്തിയും എന്നെ ആകർഷിച്ചിട്ടുണ്ട്. അച്ചന്റെ കൂടെ കുർബ്ബാനയ്ക്ക് കൂടുവാൻ അൾത്താര ശുശ്രൂഷികളായ ഞങ്ങൾക്ക് ഏവർക്കും ഏറെ താൽപര്യമായിരുന്നു എന്റെ ദൈവവിളി തിരിച്ചറിയുവാനും സി. എം. ഐ. സഭയിലേയ്ക്ക് കൂട്ടികൊണ്ടുവരുവാനും ഡൺസ്റ്റനച്ചൻ പ്രചോദനമേകി. എന്റെ ഭവനത്തിലേയ്ക്ക് വരികയും എന്റെ അമ്മയോടും സഹോദരങ്ങളോടും സംസാരിക്കുവാനും അച്ചൻ സമയം കണ്ടെത്തിയതും ഞാൻ നന്ദിയോടെ ഓർക്കുന്നു.

ഡൺസ്റ്റനച്ചൻ ഇന്നിന്റെ സമൂഹത്തിന് ഒത്തിരി വെല്ലുവിളികൾ ഉയർത്തുന്നുണ്ട്: വ്രതബദ്ധ ജീവിതം, അധികാരികളെ അനുസരിച്ച് ജീവിക്കുക, ദൈവഹിതം ആരായുക, ദിവ്യകാരുണ്യനാഥനെ കേന്ദ്രമാക്കി ജീവിക്കുക, കഠിനാദ്ധ്വാനം, സഭാസ്നേഹം, ദൈവസാന്നിദ്ധ്യസ്മരണ കാത്തുസൂക്ഷിക്കുക. എന്നും ഏവർക്കും മാതൃകയായി ജീവിച്ച ഡൺസ്റ്റനച്ചൻ തന്റെ സ്വദേശമായ പാവറട്ടിക്കും, സി. എം. ഐ. സഭയ്ക്കും ഭാരത സഭയ്ക്കും ആഗോള സഭയ്ക്കും എന്നും അഭിമാനമാണ്. അദ്ദേഹം കാട്ടിയ എളിമയുടെ വഴി നമുക്കും പിഞ്ചെല്ലാം.